(6) പ്ളാന്റേഷൻ കോർപ്പറേഷന്റെ കൈവശമുണ്ടായിരുന്ന ലാറ്റക്സ് വിലകുറച്ച് കച്ചവടം ചെയ്ത് കോർപ്പറേഷന് നഷ്ടം വരുത്തിയതി നെക്കുറിച്ച് അന്വേഷണം നടത്തണമെന്ന ആവശ്യം

ശ്രീ. പി. സി. ജോർജ്ജ്: സർ, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാക്കി പൊതുമേഖലയെ നശിപ്പിക്കുന്ന സാഹചര്യം എങ്ങനെയുണ്ടാകുന്നു എന്നുള്ളതിന് തെളിവായി കോട്ടയത്തെ പ്ളാന്റേഷൻ കോർപ്പറേഷന്റെ ചില പ്രവർത്തനങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്. അവിടെ ഇപ്പോൾ സ്റ്റോക്കുള്ള ലാറ്റക്സ് 9,798 ബാരലാണ്. ലാറ്റക്സിന് വില 42 രൂപ 10 പൈസ ഉള്ളപ്പോൾ 110 ലോഡ് ലാറ്റക്സാണ് വെറും 35 രൂപ വിലവച്ച് വിറ്റിരിക്കുന്നത്. അതിൽ ചെയ്ത പരിപാടിയെന്താണെന്നു വച്ചാൽ ഗവൺമെന്റ് മനസ്സിലാക്കേണ്ട ഒരു കാര്യം ഒരു ലോഡ് എന്നുപറയുന്നത് 42 ബാരലാണ്.. ഒരു ബാരൽ എന്നുപറയുന്നത് 200 ലിറ്ററാണ്. 110 ലോഡ് വിറ്റിരിക്കുന്നു. 42 രൂപ 10 പൈസ വിലയുണ്ടായിരുന്ന ലാറ്റക്സ് 35 രൂപയ്ക്ക് വിൽക്കുന്നതിനുവേണ്ടി കഴിഞ്ഞ ജൂൺ മാസം 27-ാം തീയതി മനോരമ പത്രത്തിൽ ഒരു വാർത്ത വന്നു. ലാറ്റക്സ് കേടായിരിക്കുന്നു. സെൻട്രിഫ്യൂഗൽ ലാറ്റക്സ് അങ്ങനെ കേടാകുമോ. അതു പറഞ്ഞുകൊണ്ടാണ് 7 രൂപ 10 പൈസ വിലകുറച്ച് 110 ലോഡ് ലാറ്റക്സ് വിറ്റത്. അതിനുശേഷം ജൂലൈ 4-ാം തീയതി ബോർഡ് ഉണ്ടാക്കിയിട്ടുള്ള ഒരു നിഷേധക്കുറിപ്പും വന്നിട്ടുണ്ട്. ലാറ്റക്സ് കേടായിയെന്നുള്ളതിന് ഇവർ ചെയ്തിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം നമ്മുടെ സംസ്ഥാനത്ത് ലാറ്റക്സിന് 39 രൂപ വിലയുള്ളപ്പോൾ പ്ളാന്റേഷൻ കോർപ്പറേഷന്റെ ലാറ്റക്സ് ലിറ്ററിന് 40 രൂപയാക്കി. ഒരു രൂപ കൂടുതൽ. സ്വാഭാവികമായി പ്രൈവറ്റ് കമ്പനികളുടെ ലാറ്റക്സ് മുഴുവൻ വിറ്റുതീർന്നപ്പോൾ പ്ളാന്റേഷൻ കോർപ്പറേഷന്റെ ലാറ്റക്സ് അവിടെ സ്റ്റോക്കായി. അവിടെ സ്റ്റോക്കായ സാധനം വിൽക്കുന്നതിനുവേണ്ടിയാണ് 42 രൂപ 10 പൈസ വിലയുള്ളപ്പോൾ ലാറ്റക്സ് കേടായിയെന്ന പ്രചരണം നടത്തിക്കൊണ്ട് 35 രൂപയ്ക്ക് തോംസൺ റബ്ബേഴ്സിനും, എ. കെ ലാറ്റക്സിനും കൊടുത്തത്. തോംസൺ റബ്ബർ കാഞ്ഞിരപള്ളിക്ക് 90 ലോഡ് വിറ്റു. അതുപോലെ കെ. കെ. ലാറ്റക്സിന് 200 ലോഡ് വിറ്റു. ഇതിനകത്തെ പ്രശ്നം ജൂൺ 26-ാം തീയതി കൊടുത്ത ബോർഡ് നോട്ടിൽ ഐറ്റം നമ്പർ 303/17 ആയി ബോർഡ് വളരെ വ്യക്തമായി ലാറ്റക്സ്, കോർപ്പറേഷന് നഷ്ടത്തോടുകൂടി വിൽക്കാൻ പാടില്ലെന്ന് പറഞ്ഞ് നിർദ്ദേശം കൊടുത്തതാണ്. ആ നിർദ്ദേശമിരിക്കുമ്പോഴാണ് ഉദ്യോഗസ്ഥൻമാർ ഈ വൃത്തികേട് കാണിച്ച് കേരളത്തിലെ കൃഷിക്കാരെ ദ്രോഹിച്ചിരിക്കുന്നത്, ഒരു പൊതുമേഖലാ സ്ഥാപനത്തെ നശിപ്പിക്കാൻ ശ്രമിക്കുന്നത്. ബോർഡ്നോട്ടിൽ വന്ന ഒരു കാര്യംകൂടി ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഓണം സീസണിൽ ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകണമെന്ന അവസരം മുതലാക്കി അയ്യായിരത്തോളം ബാരൽ ലാറ്റക്സ് ലിറ്ററിന് മാർക്കറ്റിൽ 35 രൂപയിലധികം വിലയുള്ളപ്പോൾ ശിവപ്രസാദ് എന്ന ഏജന്റുമായി ഒത്തുകളിച്ച് 32 രൂപയ്ക്ക് കമ്മീഷനും ഡിസ്ക്കൗണ്ടും നൽകി വിറ്റഴിച്ചിരിക്കുന്നു. കഴിഞ്ഞ ദിവസം കൂടിയ ബോർഡ് യോഗത്തിൽ ഈ സഭയിലെ ഒരംഗമായ അങ്കമാലി എം.എൽ.എ. ശ്രീ. പി. ജെ. ജോയിതന്നെ ഇത് സാദ്ധ്യമല്ലെന്നും ഇങ്ങനെ ലാറ്റക്സ് വിറ്റ് ബോർഡിനെ നശിപ്പിക്കരുതെന്നും, കോർപ്പറേഷന് നഷ്ടമുണ്ടാക്കരുതെന്നും പറഞ്ഞു. എന്നിട്ടും നഷ്ടപ്പെടുത്തിയിരിക്കുന്നു. ഇത് അംഗീകരിക്കാൻ കഴിയില്ല, ഒരു പൊതുമേഖലയെ നശിപ്പിക്കുന്ന പ്രശ്നം അനുവദിക്കാൻ കഴിയില്ല അതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തി ഈ കച്ചവടം നടത്തിയവരെ പ്രോസിക്യൂട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (*ശ്രീമതി കെ. ആർ. ഗൗരിയമ്മ*): സർ, 2005-ൽ മുൻവർഷത്തേക്കാൾ വിപരീതമായി ആഭ്യന്തര റബ്ബർ ഉൽപ്പാദനം ഉപഭോഗങ്ങളേക്കാൾ കൂടുതലുണ്ടാവുകയും സെൻട്രിഫ്യൂഗൽ ലാറ്റക്സിന്റെ ആഭ്യന്തരവിപണിയിലുണ്ടായ പ്രതികൂല സാഹചര്യങ്ങൾമൂലം 2005 മാർച്ച് 31 വരെ പ്ളാന്റേഷൻ കോർപ്പറേഷന് 10,153 ബാരൽ ലാറ്റക്സ് സ്റ്റോക്ക് വരികയുമുണ്ടായി. ഈ പ്രതിസന്ധി മറികടക്കാൻ വിലകുറച്ച് ലാറ്റക്സിന് 40 രൂപ എന്നത് 39 രൂപയായി വിൽക്കുവാൻ കോർപ്പറേഷൻ ശ്രമിച്ചുവെങ്കിലും കാര്യമായ വിൽപ്പനയുണ്ടായില്ല. 15-6-2005 മുതൽ തോട്ടം തൊഴിലാളികൾ സമരം നടത്തി തോട്ടം മേഖലയെ സ്തംഭിപ്പിച്ചതും കോർപ്പറേഷന്റെ ലാറ്റക്സിന് ഗുണനിലവാരം കുറഞ്ഞു എന്നുള്ള കിംവദന്തികളും പത്രപ്രസ്താവനകളുംമൂലം കോർപ്പറേഷനിൽനിന്ന് ലാറ്റക്സ് വാങ്ങുവാൻ ഉപഭോക്താക്കൾ തയ്യാറാകാത്തതിനെ തുടർന്ന് പ്രതികൂല സാഹചര്യത്തിൽ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും മറ്റുമായി ഈ കാലഘട്ടത്തിൽ 450 ലക്ഷം രൂപ ഓവർഡ്രാഫ്റ്റ് എടുക്കുകയുണ്ടായി. ആയതിന് 10.75 ശതമാനം സർക്കാർ പലിശ നൽകിയിരുന്നു. 27-6-2005-ൽ കൂടിയ ഡയറക്ടർ ബോർഡ് കോർപ്പറേഷന് പ്രയോജനകരമായ വിധത്തിൽ ലാറ്റക്സിന്റെ വിൽപ്പന നടത്താൻ വിലനിർണ്ണയ സമിതിയോട് നിർദ്ദേശിക്കുകയും വില നിർണ്ണയ സമിതി കോർപ്പറേഷന്റെ പഴകിയ ലാറ്റക്സിന് 37 രൂപ നിരക്കിൽ വില നിശ്ചയിക്കുന്നതിനും രണ്ടു മുതൽ പത്ത് ലോഡ് വരെ ലാറ്റക്സ് എടുക്കുന്നവർക്ക് ഒരു ലിറ്ററിന് 50 പൈസ മുതൽ രണ്ട് രൂപ വരെ ഇൻസെന്റീവ് കൊടുക്കുന്നതിനും ശുപാർശ ചെയ്തു. തുടർന്ന് 1-7-2005-ൽ റബ്ബർ ബോർഡ് വിളിച്ചു ചേർത്ത ലാറ്റക്സ് ഉൽപ്പാദകരുടെ യോഗത്തിന്റെ

പശ്ചാത്തലത്തിൽ 4,608 ബാരൽ ലാറ്റക്സ് വിലയ്ക്ക് വിൽക്കാൻ കോർപ്പറേഷന് കഴിഞ്ഞു. അതിനുശേഷം 4-7-2005 മുതൽ 8-7-2005 വരെ മേൽപ്പടി വിലയ്ക്ക് 1,764 ബാരൽ ലാറ്റക്സ് വിൽപ്പന നടത്തിയിട്ടുണ്ട്. 15-7-2005 മുതൽ ലിറ്ററിന് 39 രൂപ നിരക്കിൽ വിൽപ്പന തുടരുകയാണ്. ഇതുമൂലം കോർപ്പറേഷന് നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

(7) ഉറുമി ജല വൈദ്യുത ഡാമിന് ഉണ്ടായ സുരക്ഷിതത്വ ഭീഷണി

ശ്രീ. സി. മോയിൻകുട്ടി: സർ, മലബാറിലെ വൈദ്യുതിക്ഷാമവും വോൾട്ടേജ് ക്ഷാമവും ഒക്കെ ഗൗരവമായി കണക്കിലെടുത്തുകൊണ്ടാണ് ഉറുമി ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചത്. 50 കോടിയോളം രൂപ മുതൽ മുടക്കിയിട്ടുള്ള ഈ പദ്ധതി താരതമ്യേന വളരെ ചെലവ് കുറഞ്ഞതും സമയബന്ധിതമായി കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടുള്ളതുമാണ്. എന്നാൽ കോടികൾ മുടക്കിയിട്ടുള്ള ഈ പദ്ധതിയിൽ പല ആശങ്കകളും നിലനിൽക്കുകയാണ്. മാസങ്ങൾക്കുമുൻപ് തന്നെ ഡാമിനോട് ചേർന്നിട്ടുള്ള സംരക്ഷണഭിത്തി തകരുകയും പവർഹൗസിലേക്ക് വെള്ളം അടിച്ചു കയറി യന്ത്രസാമഗ്രികൾക്ക് കേടുണ്ടാവുകയും ചെയ്തതിലൂടെ അതിന്റെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം താൽപ്പര്യം എടുത്തുകൊണ്ട് സ്ഥലം സന്ദർശിക്കുകയും ഈ പദ്ധതിയുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കുകയും ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുകയും അതോടൊപ്പം തന്നെ അറ്റകുറ്റ പണികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ഉറുമി പദ്ധതിക്ക് സമീപം പവർഹൗസിനോട് ചേർന്ന്, ഡാമിനോട് ചേർന്ന്, വിയറിനോട് ചേർന്ന് വിള്ളലുണ്ടാവുകയും മണ്ണും ചെളിയും അതുപോലെ കാട്ടുകല്ലുകളും ഒക്കെ ഒലിച്ചുവന്ന് പല വിധത്തിലുള്ള ഭീഷണിയും ഉയർന്നുവന്നിട്ടുണ്ട്. അവിടത്തെ പവർ ഹൗസിന്റെ മുറ്റത്തുവരെ വെള്ളം നിൽക്കുകയാണ്. പിൻഭാഗത്തും അതുപോലെ മണൽതിട്ടകൾ ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. ഭീതിജനകമായ ഒരു അവസ്ഥയാണ്. മാതൃഭൂമി പത്രത്തിൽ ഇത് സംബന്ധിച്ച് മുഖപ്രസംഗം എഴുതിയിട്ടുള്ളതാണ്. അവിടത്തെ ജനങ്ങളുടെ ഭയാശങ്കകൾ നീക്കി പവർ ഹൗസിന്റെ സുരക്ഷിതമായ പ്രവർത്തനം ഉറപ്പുവരുത്തി സമീപപ്രദേശത്ത് ഉള്ള ആളുകളുടെ ആശങ്കകൾ അകറ്റാൻ, അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെട്ടുകൊണ്ട്, അറ്റകുറ്റപണികൾ പൂർത്തീകരിച്ചുകൊണ്ട്, പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാനും സമയബന്ധിതമായി അറ്റകുറ്റ പണികൾ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly